പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1085 13.06.2013 -ലെ മറുപടിയ്ക്ക്

## അക്കാഡമിക് സിറ്റി

ചോദ്യം
ശ്രീ.റ്റി.എൻ പ്രതാപൻ:
ശ്രീ.അൻവർ സാദത്ത്:
ശ്രീ.സി.പി. മുഹമ്മദ്:
ശ്രീ. വി.ഡി.സതീശൻ:

ഉത്തരം
ശ്രീ. പി.കെ. അബ്ദു റബ്ബ്
(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അക്കാഡമിക് സിറ്റി സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ)<br>(ബി)<br>(സി)<br>&<br>(ഡി) | സംസ്ഥാനത്ത് ഒരു അക്കാഡമിക് സിറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, കോഴിക്കോട് സർവ്വകലാശാല വൈസ് ചാൻസലർ, ആസൂത്രണ ബോർഡ് അംഗം ശ്രീ വിജയരാഘവൻ എന്നിവരടങ്ങിയ ഉന്നതതല സംഘം ദുബായ് അക്കാഡമിക് സിറ്റി അധികൃതരുമായി ചർച്ച നടത്തി ബഹു. മുഖ്യ മന്ത്രിയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ അക്കാഡമിക് സിറ്റി സ്ഥാപിക്കുന്നതിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്നതിന് 1 കോടി രൂപ ബഡ്ജറ്റ് പ്രസംഗത്തിൽ വകയിരുത്തിയിട്ടുണ്ട്. പദ്ധതി പ്രാരംഭ ദശയയിലായതിനാൽ മറ്റ് വിശദാംശങ്ങൾ സംബന്ധിച്ച് തീരുമാനമായിട്ടില്ല. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ ; | | |
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ; | | |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ